**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**പോലീസ് വകുപ്പിൽ ഉദ്യോഗക്കയറ്റം വഴി നിയമനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5692** **29/07/2015-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.ഇ.പി.ജയരാജൻ**

**മറുപടി**
**രമേശ് ചെന്നിത്തല**
**(ആഭ്യന്തരവുംവിജിലൻസുംവകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പോലീസ് വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അഡ്മിനിസ്ട്രേറ്റീവ് തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (എ) പോലീസ് വകുപ്പിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ മൂന്ന് ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം വഴി നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസലുകൾ സ്റ്റേറ്റ് പോലീസ് ചീഫിന്റെ ഓഫീസിൽ നിന്നും ആഭ്യന്തര വകുപ്പിനു സമർപ്പിക്കുകയുണ്ടായോ; | (ബി) യും (സി)യും (ഡി)യും<br><br>അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ മൂന്ന് ഒഴിവുകൾ നികത്തുന്നതിനായി 30.06.2015-ലെ എ 5/122834/14 കത്ത് പ്രകാരം ഒരു പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ജൂലൈ 1-ാം തീയതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പോലീസ് വകുപ്പിൽ നിന്നും അയച്ച പ്രൊപ്പോസലിനെ സംബന്ധിച്ച് 13.07.2015-ലെ സർക്കാർ കത്ത് നമ്പർ 55056/എച്ച്2/ 2015/ ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് മേധാവിയോട് വിശദീകരണം ആവശ്യപ്പെട്ടുകയും വിശദീകരണം സഹിതം പുതുക്കിയ പ്രൊപ്പോസൽ 24.07.2015-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു. |
| (സി) | എപ്പോഴാണ് പ്രസ്തുത പ്രൊപ്പോസലുകൾ ഗവൺമെന്റിനു സമർപ്പിച്ചത്; | |
| (ഡി) | പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത സ്ഥാനങ്ങളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന്മേലുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**